# 12. ബെർലിൻനഗരത്തിന് എഴുന്നൂററമ്പത് വയസ്

1987-ാമാണ്ടിൽ ജർമനിയിലെ ബെർലിൻ നഗരത്തിനു് എഴുന്നൂററമ്പതു് വയസ്സു തികയുന്നു.

യൂറോപ്പിൻെറ രാഷ്ട്രീയവും വ്യാവസായികവും സാംസ്കാരികവുമായ ചരിത്രത്തിൽ നിർണായകമായ പങ്കുവഹിച്ചിട്ടുണ്ടു് ഈ നഗരം. എഴുന്നൂററമ്പതു വയസ്സു പൂർത്തിയാക്കിയ നഗരങ്ങൾ ലോകത്തിൽ അധികമില്ല. അതിനാൽ, ഈ സന്ദർഭം സമുചിതമായി ആഘോഷിക്കണമെന്നു് ബെർലിൻ നഗരവാസികൾ ആഗ്രഹിച്ചാൽ, അതിൽ അസാധാരണമായി ഒന്നുംതന്നെയില്ല.

പക്ഷേ, ഒരു പ്രയാസം. ബെർലിൻ ഒന്നല്ല, രണ്ടാണു്. ആ നഗരത്തിൻെറ ഇരുപതു് ഡിസ്ട്രിക്ററുകളിൽ പന്ത്രണ്ടെണ്ണം (വിസ്താരം 480 ച. കി. മീ.) അമേരിക്കൻ—ബ്രിട്ടീഷ്—ഫ്രഞ്ച് സേനകളുടെ നിയന്ത്രണത്തിലാകുന്നു. 'പടിഞ്ഞാറെ ബെർലിൻ' എന്നറിയപ്പെടുന്ന ഈ പ്രദേശത്തുള്ള ഇരുപത്തൊന്നര ലക്ഷത്തോളം ജനങ്ങൾ വികസിതമായ മുതലാളിത്ത—സാമ്പത്തിക—ജനാധിപത്യവ്യവസ്ഥിതിക്കു കീഴിൽ പുലർന്നുവരുന്നു. ഭരണഘടന പ്രകാരം 'പടിഞ്ഞാറെ ജർമനി' എന്ന രാഷ്ട്രത്തിൻെറ ഒരു ഭാഗമല്ല പടിഞ്ഞാറെ ബെർലിൻ. എന്നാൽ, പ്രായോഗികമായി, ആ രാഷ്ട്രത്തിലെ ഒരു സ്റ്റേററും ഒരു നഗരവും എന്ന പദവി 1971 മുതൽ പടിഞ്ഞാറെ ബെർലിൻ അനുഭവിച്ചുവരുന്നുണ്ടു്.

പതിനൊന്നു ലക്ഷത്തോളം ജനങ്ങൾ പാർക്കുന്നതും എട്ടു ജില്ലകൾ (വിസ്താരം: 353 ച. കി. മീ.) അടങ്ങിയതുമായ കിഴക്കെ ബെർലിൻ, 'കിഴക്കെ ജർമനി' എന്ന കമ്യൂണിസ്റ്റു് രാഷ്ട്രത്തിൻെറ തലസ്ഥാനമാകുന്നു.

1961—ൽ കോൺക്രീററ് സ്ലാബുകളും ഉരുക്കും മുൾക്കമ്പിച്ചുരുളുകളും ഉപയോഗിച്ചു് കിഴക്കെ ജർമനിയിലെ പോലീസ് നിർമിച്ചതും, ഇരുപത്തേഴ് മൈൽ നീളമുള്ളതും, കടുത്ത കാവലിനു വിധേയവും ആയ ബെർലിൻ മതിൽ ഈ രണ്ടു നഗരവിഭാഗങ്ങളെയും ജനങ്ങൾ ചോർന്നു കടക്കാത്ത രണ്ടു ഭാഗങ്ങളായി തമ്മിൽ അകററി നിർത്തുന്നു.

എങ്കിലും ബെർലിൻ രണ്ടല്ല, ഒന്നാണു്. അതു വീണ്ടും ഒന്നാവണമെന്ന ആഗ്രഹം മിക്ക ബെർലിൻകാർക്കുമുണ്ടു്. ആ നഗരത്തിൻെറ പാരമ്പര്യങ്ങളിൽ, കിഴക്കെന്നോ, പടിഞ്ഞാറെന്നോ വ്യത്യാസമില്ലാതെ, അവരെല്ലാം അഭിമാനിക്കുന്നു. കിഴക്കർക്കും പടിഞ്ഞാറുകാർക്കും ഒരുമിച്ചു പങ്കെടുക്കത്തക്കവിധത്തിൽ ഇരുഭാഗക്കാരുടേയും പ്രതീക്ഷകൾക്കും ആശങ്കകൾക്കും പ്രതിഫലനം നൽകുമാറു്, ബെർലിൻ നഗരത്തിൻെറ എഴുന്നൂററമ്പതാം വാർഷികത്തിൻെറ ആഘോഷപരിപാടികൾ സംവിധാനം ചെയ്യാൻ കഴിയുമോ?

കിഴക്കേ ജർമനിയുടെ ഏതാണ്ടു മദ്ധ്യത്തിൽ, സ്പ്രീ എന്ന ചെറു നദി രണ്ടായി പിരിയുന്നിടത്തു്, നദിയുടെ വടക്കെ കരയിൽ, ഫലപുഷ്ടി കുറഞ്ഞ പരന്ന മണൽപ്രദേശത്താണു് എഴുന്നൂററമ്പതു വർഷങ്ങൾ മുമ്പു് ബെർലിൻ ഗ്രാമം സ്ഥാപിക്കപ്പെട്ടതു്. ഏതാണ്ടു് ഇതേകാലത്തു് സ്പ്രീ നദിയിലെ ഒരു തുരുത്തിൽ 'കോളൻ' എന്ന മററൊരു ഗ്രാമവും സ്ഥാപിതമായി. ഈ രണ്ടു ഗ്രാമങ്ങളെയും ഭരിച്ചിരുന്നതു് ഒരേ മുനിസി

പ്പൽ കമ്മിററിയായിരുന്നു. രണ്ടു ഗ്രാമങ്ങൾക്കുംകൂടി ഒരു ടൗൺഹാളേ ഉണ്ടായിരുന്നുള്ളു. ഈ ഗ്രാമങ്ങൾക്കു ചുററുമാണ് പിന്നീട് ബെർലിൻ എന്ന മഹാനഗരം വളർന്നുവന്നത്. ബ്രാൻഡെൻ ബുർഗ് പ്രദേശം ഭരിച്ചിരുന്ന ഹോഹൻ–സൊള്ളേൻ കുടുംബക്കാർ ക്രി. വ. 1470–ൽ ബെർലിൻ നഗരം തങ്ങളുടെ ഔദ്യോഗിക വസതിയാക്കി. ബ്രാൻഡെൻബുർഗ് ആണ് പിന്നീട് 'പ്രഷ്യ'യായി വളർന്നത്. കൊട്ടാരത്തിൽനിന്ന് ബ്രാൻഡെൻബുർഗ് ഗെയ്ററ് എന്ന തോരണദ്വാരംവരെ ഘോഷയാത്രയുടെ ആവശ്യങ്ങൾക്കായി നിർമിച്ച 'ലിൻഡെൻ വൃക്ഷച്ചുവട്ടിൽ' (ഉണ്ടെർ ഡെൻ ലിൻഡെൻ) എന്ന നടക്കാവാണ് ഇപ്പോഴും ബെർലിൻ നഗരത്തിലെ സുപ്രധാന ആകർഷണകേന്ദ്രം. 1806 മുതൽ മൂന്നു വർഷം നെപ്പോളിയന്റെ ഫ്രെഞ്ച് സൈന്യങ്ങളുടെ കീഴിലായിരുന്നു ബെർലിൻ. 1871–ൽ ജർമനി ഒരു ഏകീകൃതരാഷ്ട്രമായപ്പോൾ ബെർലിൻ അതിന്റെ തലസ്ഥാനമായിത്തീർന്നു. ഒന്നാം മഹായുദ്ധത്തിനുശേഷം, 1918–ൽ ജർമൻ റിപ്പബ്ലിക് സ്ഥാപിച്ചപ്പോഴും ബെർലിൻതന്നെയായിരുന്നു അതിന്റെ തലസ്ഥാനം. യുദ്ധാനന്തര വർഷങ്ങളിലെ നാണ്യപ്പെരുപ്പത്തിലും ഭക്ഷണകലാപങ്ങളിലും പണിമുടക്കങ്ങളിലുംപെട്ടു കുഴങ്ങുമ്പോഴും നഗരം വളർന്നുകൊണ്ടിരുന്നു. 1920–ൽ യൂറോപ്പിലെ ഏററവും വലിയ വ്യവസായനഗരമായിത്തീർന്നിരുന്നു ബെർലിൻ.

1930–കളിലെ ലോകസാമ്പത്തിക പ്രതിസന്ധി ബെർലിൻനഗരത്തെ വല്ലാതെ ബാധിച്ചു. ഈ പശ്ചാത്തലം സമർത്ഥമായി ഉപയോഗപ്പെടുത്തിയാണ്, 1933–ൽ ഹിററ്ലർ ജർമനിയുടെ അധിനായക പദവി നേടിയത്. ബെർലിൻനഗരത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിൽ തല്പരനായിരുന്നു ഹിററ്ലർ. ബെർലിന്റെ എഴുനൂററമ്പതാം വാർഷികം ഗംഭീരമായി ആഘോഷിക്കണമെന്നത് ഹിററ്ലറുടെ ഒരു സ്വപ്നമായിരുന്നുവത്രെ.

രണ്ടാം മഹായുദ്ധത്തിൽ ബെർലിൻനഗരം ഏറെക്കുറെ മുഴുവനും തകർന്നുപോയി. 1945–ൽ യുദ്ധം അവസാനിക്കുമ്പോൾ നഗരത്തിന്റെ മൂന്നിലൊരു ഭാഗം കൽക്കൂമ്പാരങ്ങളായിരുന്നു; ജനസംഖ്യ ഏറെക്കുറെ പകുതിപ്പെട്ടുമിരുന്നു. ഈ കൽക്കൂമ്പാരങ്ങളിൽ പുല്ലുവളർത്തി നിർമിച്ച കുന്നുകൾ ഇന്നും ബെർലിൻ നഗരത്തിൽ കാണാം.

1945 മെയ് 2–ാം തീയതി ബെർലിൻനഗരം സോവിയററ് സേനകളുടെ മുമ്പിൽ കീഴടങ്ങി. നഗരത്തിൽ കേടുവരാതെ അവശേഷിച്ചിരുന്ന യന്ത്രസാമഗ്രികളിൽ എൺപത്തഞ്ചു ശതമാനവും യുദ്ധനഷ്ടപരിഹാരമായി റഷ്യയിലേക്കു കൊണ്ടുപോകപ്പെട്ടു. രണ്ടു മാസം കഴിഞ്ഞ് അമേരിക്കൻ–ബ്രിട്ടീഷ് സൈന്യങ്ങളും, പിന്നീടൊരുമാസംകൂടി കഴിഞ്ഞ് ഫ്രഞ്ച് സൈന്യവും ബെർലിനിലെത്തി. ബെർലിൻനഗരം നാലു മേഖലകൾ (സെക്ടർ) ആയി തിരിക്കപ്പെട്ടു. ഓരോ മേഖലയും നാലു സഖ്യരാഷ്ട്രങ്ങളിൽ ഓരോന്നിന്റെ കീഴിലായി. എങ്കിലും നഗരം ഒന്നുതന്നെയായിരുന്നു. നഗരഭരണത്തിന് നാലു് രാഷ്ട്രങ്ങളും ചേർന്ന് ഒരു സംയുക്തസമിതി രൂപവൽക്കരിക്കപ്പെട്ടു.

1946 ഒക്ടോബറിൽ സോഷ്യൽ ഡെമോക്രാററിക് പാർട്ടിക്കാരനായ ഏണസ്റ്റ് റോയ്ട്ടർ ബെർലിൻ മേയറായി തിരഞ്ഞെടുക്കപ്പെട്ടു. അയാൾ തങ്ങൾക്കെതിരാണെന്ന കാരണത്താൽ റഷ്യക്കാർ ഈ തിരഞ്ഞെടുപ്പു തള്ളിക്കളഞ്ഞു. എങ്കിലും 1948 അവസാനംവരെ ഒരേ ഡെപ്യൂട്ടി മേയറാണ് ബെർലിന്റെ നാലു മേഖലകളുടെയും ഭരണം നിർവഹിച്ചത്.

സോവിയററ് റഷ്യയുടെ സൈനികാധിനിവേശത്തിനു കീഴിലായിരുന്ന കിഴക്കെ ജർമനിയുടെ മധ്യത്തിലാണ് ബെർലിൻ. കിഴക്കെ ജർമനിയിലൂടെ 140 കി. മീ. സഞ്ചരിച്ചാലേ, കരവഴിക്കായാലും തോടി

ലൂടെ ആയാലും ആകാശത്തിലൂടെയായാലും ബെർലിനിലെത്തുകയുള്ളു. 1948 ജൂണിൽ സോവിയററ് റഷ്യ ബെർലിനിലേക്കുള്ള കര—തോട് മാർഗങ്ങൾ അടച്ചു. പടിഞ്ഞാറെ ബെർലിനിൽനിന്നു് അമേരിക്കൻ—ബ്രിട്ടീഷ്—ഫ്രെഞ്ച് അധിനിവേശസേനകളെ തിരിച്ചയയ്ക്കുകയായിരുന്നു റഷ്യയുടെ ലക്ഷ്യം. പക്ഷേ, ചരിത്രത്തിലെ ഏററവും വലിയ 'എയർ ലിഫ്ററി'ലൂടെ അമേരിക്കൻ—ബ്രിട്ടീഷ് ഗവണ്മെൻറുകൾ റഷ്യയുടെ ഈ ഉദ്ദേശ്യം വിഫലമാക്കി. 1948 ജൂൺ മുതൽ 1949 മെയ് വരെയുള്ള പത്തു മാസങ്ങളിൽ രണ്ടരലക്ഷം വിമാനപ്പറക്കലുകളിലൂടെ ഇരുപതു ലക്ഷം ടൺ സാധനങ്ങൾ ബെർലിനിലെത്തിക്കാൻ അമേരിക്കൻ—ബ്രിട്ടീഷ് സർക്കാരുകൾ ഇരുപത്തിരണ്ടര കോടി ഡോളർ ചെലവാക്കി. നാല്പത്തിരണ്ടു് സെക്കൻഡിൽ ഒരു വിമാനംവീതം അക്കാലത്തു പടിഞ്ഞാറെ ബെർലിനിൽ ഇറങ്ങിക്കൊണ്ടിരുന്നു. 1949 മേയിൽ സോവിയററ് റഷ്യ കിഴക്കെ ജർമനിയിലൂടെ ബെർലിനിലേക്കുള്ള സഞ്ചാരനിരോധം പിൻവലിച്ചു.

അന്നോളം കിഴക്കെ ബെർലിനിലായിരുന്ന ബെർലിൻ മുനിസിപ്പൽ ഗവണ്മെൻറ് സഞ്ചാരനിരോധം നിലവിലിരുന്ന കാലത്തു് പടിഞ്ഞാറെ ബെർലിനിലേക്കു് ആസ്ഥാനം മാററി. ഇതിനെ തുടർന്നു്, 1948 നവംബറിൽ കിഴക്കെ ബെർലിനിൽ വേറൊരു മുനിസിപ്പാലിററി നിലവിൽവന്നു. നഗരം വിഭജിക്കപ്പെട്ടതു് അങ്ങനെയാണു്. നഗരത്തിലെ നാണ്യവും, പോലീസും, ജലവിതരണം, അഴുക്കുചാൽ മുതലായ ജന—ഉപയോഗസംവിധാനങ്ങളും ഇതിനുശേഷം വെവ്വേറെ ആയി.

കിഴക്കെ ജർമനിയിൽനിന്നു്, ബെർലിനിലൂടെ വലിയ തോതിൽ ജനങ്ങൾ പടിഞ്ഞാറെ ജർമനിയിലേക്കും അവിടെനിന്നു ജനാധിപത്യ രാഷ്ട്രങ്ങളിലേക്കും മാറിത്താമസിക്കാൻ തുടങ്ങിയപ്പോഴാണു്, 1961—ൽ നഗരത്തിനു കുറുകെ ഒരു മതിൽ നിർമിക്കപ്പെട്ടതു്. ഇരുപത്തേഴ മൈൽ നീളമുള്ള ഈ മതിലിൽ അങ്ങോട്ടുമിങ്ങോട്ടും കടക്കാൻ പന്ത്രണ്ടു ഗെയ്ററുകളുണ്ടു്. എന്നാലും, പടിഞ്ഞാട്ടുള്ള ജനപ്രവാഹം തടയാൻ ഈ മതിലിനു കഴിഞ്ഞു. ഇപ്പോൾ മതിലിൻെറ അപ്പുറത്തേക്കും ഇപ്പുറത്തേക്കും പോകാൻ പ്രയാസമില്ല; പക്ഷേ, അധികൃതരുടെ കണ്ണുവെട്ടിച്ചു് അതിലൂടെ ചോർന്നു കടക്കുക പ്രയാസമാണു്.

ഇനി എപ്പോഴെങ്കിലും ഈ മതിൽ പൊളിച്ചു നീക്കപ്പെടുമോ? ബെർലിൻ നഗരം, ആ നഗരത്തെ ഉൾക്കൊള്ളുന്ന ജർമൻ രാഷ്ട്രം, വീണ്ടും ഒന്നാകുമോ?

രണ്ടു സാദ്ധ്യതകളാണു് ഇതിനുള്ളതു്. മുതലാളിത്തച്ചേരിയും കമ്യൂണിസ്റ്റ് ചേരിയും തമ്മിൽ അവസാനത്തെ യുദ്ധമുണ്ടാവുകയും, ആ യുദ്ധത്തിൽ ഏതെങ്കിലുമൊരു ചേരി ജയിക്കുകയുമാണു ഒരു സാദ്ധ്യത. ഇതിനെപ്പററി ആലോചിക്കാൻകൂടി ഭയം തോന്നുന്നു.

രണ്ടു ചേരികളും ക്രമേണ ഉഗ്രവാദങ്ങൾ കൈവെടിയുകയും, ഒത്തുതീർപ്പുകളിലൂടെ ഒരു ലോക—ഭരണ വ്യവസ്ഥിതി നിലവിൽ വരുത്തുകയുമാണു രണ്ടാമത്തെ സാദ്ധ്യത. ഇന്നു് അസാദ്ധ്യമെന്നോ, അതിവിദൂരസ്ഥമെന്നോ തോന്നാമെങ്കിലും, ഇതുമാത്രമാണു മനുഷ്യസംസ്കാരത്തിൻെറ രക്ഷോപായം.

ഐക്യം അപ്രായോഗികമെങ്കിലും, കിഴക്കും പടിഞ്ഞാറും ബെർലിനുകൾ തമ്മിൽ സൗഹാർദത്തിനു് ഇന്നു തടസ്സമൊന്നുമില്ല. ഇരുഭാഗങ്ങളിലെയും ജനങ്ങൾക്കു പങ്കെടുക്കാവുന്ന വിധത്തിൽ ഇക്കഴിഞ്ഞ എഴുനൂററമ്പതു വർഷങ്ങളിലെ മധുരങ്ങളും തിക്തങ്ങളുമായ ചരിത്രാനുഭൂതികളെ പുനർജീവിപ്പിക്കുവാനും, വരാനിരിക്കുന്ന എത്രയോ ശതാബ്ദങ്ങളിലെ സുവർണ പ്രതീക്ഷകൾക്കു രൂപം നൽകുവാനും കഴിയുമാറു്,

ഗരത്തിന്റെ സാർദ്ധസഹസ്ര ശതാബ്ദി ആഘോഷിക്കുവാനുള്ള ശ്രമങ്ങൾ രണ്ടു് ബെർലിനുകളിലും നടക്കുന്നുണ്ടെന്നാണു പത്രവാർത്തകളിൽനിന്നു മനസ്സിലാവുന്നതു്. ഈ ആഘോഷങ്ങൾക്കിടയിൽ, ബ്രിട്ടീഷ് രാജ്ഞി അടക്കം പല പ്രമുഖ വ്യക്തികളും ബെർലിൻനഗരത്തിന്റെ രണ്ടു ഭാഗങ്ങളും സന്ദർശിക്കും. കിഴക്കെ ബെർലിനിൽ ലോകത്തിന്റെ പല ഭാഗങ്ങളിലുമുള്ള എൺപതു നഗരങ്ങളിലെ മേയർമാരുടെ ഒരു സമ്മേളനം നടക്കും. പന്ത്രണ്ടു് അന്താരാഷ്ട്രീയ സമ്മേളനങ്ങൾക്കും അവിടെ വേദി ഒരുങ്ങിവരുന്നുണ്ടു്. ഏതാനും മണിക്കൂറുകൾ മുതൽ ഏതാനും മാസങ്ങൾ വരെ നീണ്ടുനിൽക്കുന്ന എൺപത്തൊന്നു പരിപാടികൾ കിഴക്കെ ബെർലിൻ ഈ വർഷത്തിൽ സംവിധാനംചെയ്യുന്നുണ്ടത്രേ.

പടിഞ്ഞാറെ ബെർലിനിലെ ആഘോഷപരിപാടികൾ മെയ് 1—ാം തീയതി തുടങ്ങിക്കഴിഞ്ഞു. സംഗീതസദസ്സുകൾ, ചിത്ര—വാസ്തുശില്പ പ്രദർശനങ്ങൾ, ഫിലിം ഉത്സവങ്ങൾ, നാടകോത്സവങ്ങൾ, പല വിഷയങ്ങളെക്കുറിച്ചുള്ള സമ്മേളനങ്ങൾ. സാർദ്ധസഹസ്ര ശതാബ്ദ്യാഘോഷത്തിൽ പടിഞ്ഞാറെ ബെർലിനും താല്പര്യം കുറവല്ല.

രണ്ടു വിഭാഗങ്ങളും തമ്മിൽ സംഘർഷം കുറയ്ക്കാനും സഹകരണം വർദ്ധിപ്പിക്കാനും ഉതകുമെങ്കിൽ, ബെർലിൻ സാർദ്ധസഹസ്ര ശതാബ്ദ്യാഘോഷങ്ങൾ ഐതിഹാസികമായ ഒരു പ്രയോജനം നിറവേററുമെന്നതു നിസ്സംശയമാണ്.

(7 ജൂൺ, 1987)

# 13. കുർദുകൾ

സ്വന്തവും വ്യതിരിക്തവുമായ ഭാഷയും സംസ്കാരവും നിവാസപ്രദേശവും ചരിത്രവും ഉണ്ടായിരുന്നിട്ടും, തനതായ ഒരു ഭരണകൂടം സ്ഥാപിക്കാൻ ഒരിക്കലും കഴിയാതെപോയ നിർഭാഗ്യരായ ചില ജനവർഗങ്ങളുണ്ടു്. പടിഞ്ഞാറെ ഏഷ്യയിൽ തുർക്കി, സിറിയ, ഇറാക്ക്, ഈരാൻ, സോവിയററ്യൂണിയൻ എന്നീ അഞ്ചു രാജ്യങ്ങളിലായി, ഒരു കുട്ടിയുടെ വലത്തുകാലടിയുടെ ബാഹ്യരേഖയിൽ ഒതുക്കാവുന്ന ആകൃതിയിൽ കിടക്കുന്ന പർവതപ്രദേശങ്ങളിൽ പാർത്തുവരുന്ന കുർദുകൾ അത്തരമൊരു ജനവർഗമാകുന്നു. 'കുർദുകളുടെ രാജ്യം' എന്ന അർത്ഥത്തിൽ ഈ പ്രദേശത്തെ പൊതുവെ 'കുർദിസ്ഥാൻ' എന്നു വിളിക്കാറുണ്ടു്. എങ്കിലും, ഔദ്യോഗികമായി ആ പേരു് ഇപ്പോൾ നൽകപ്പെട്ടിട്ടുള്ളതു് ഈരാനിൽ കുർദുകൾ തിങ്ങിപ്പാർക്കുന്ന സംസ്ഥാനത്തിനു മാത്രമാണു്. കുന്നുകളും മലകളും നിറഞ്ഞ കുർദ് പ്രദേശത്തു് പുഴകളും ധാരാളമുണ്ടു്. ടൈഗ്രിസ് നദി വളരെദൂരം ഒഴുകുന്നതു് ഈ പ്രദേശത്തുകൂടിയാകുന്നു. അതിരുകൾ ഇനിയും നിർണയിച്ചിട്ടില്ലാത്ത കുർദ് പ്രദേശത്തു് ഉൾപ്പെട്ടതാണു് തുർക്കിയിലെ ദിയാർബകിർ, വാൻ, ബിററ്ലിസ്, ഇറാക്കിലെ സുലൈമാനിയ, ആർബിൽ, മോസുൽ, കിർക്കുക്, ഈരാനിലെ കെർമൻഷാ, ഹമാദാൻ എന്നീ നഗരങ്ങൾ. കുർദ് പ്രദേശത്തിനു പുറത്തു് ബാഗ്ദാദ്, തെഹറാൻ, ദമാസ്കസ്, അങ്കാറ, ഇസ്താംബുൾ മുതലായ നഗരങ്ങളിലും ധാരാളം കുർദുകൾ പാർക്കുന്നു. പടിഞ്ഞാറെ ജർമനിയിൽ മൂന്നു ലക്ഷത്തോളം കുർദുകൾ ഉണ്ടു്. ഫ്രാൻസിലും ഉണ്ടു് കുറെ കുർദുകൾ. അറുപതു ലക്ഷം മുതൽ രണ്ടു കോടിവരെ പല കണക്കുകളാണു് കുർദുകളുടെ മൊത്തം ജനസംഖ്യയെപ്പററി പറയപ്പെട്ടുവരുന്നതു്. മദ്ധ്യ പൗരസ്ത്യ